ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# ആപൽക്കരമായ നിസ്സംഗത

عَنْ أَبِي هُرَيْرَةَ، عَنِ النَّبِي صلى الله عليه وسلم أَنَّه قَالَ: مَا رَأَيْتُ مِثْلَ الْجَنَّة نَامَ طَالِبُهَا وَمَا رَأَيْت مِثْلَ النَّار نَامَ هَارِبُهَا

**നബി(സ) അരുളി: 'സ്വർഗത്തേക്കാൾ ഉത്കൃഷ്ടമായ മറ്റൊന്നും ഞാൻ കണ്ടിട്ടില്ല; അതിനെ തേടുന്നവനോ കിടന്നുറങ്ങുന്നു! നരകത്തേക്കാൾ ഭയാനകമായ മറ്റൊന്നും ഞാൻ കണ്ടിട്ടില്ല; അതിൽനിന്ന് ഓടിയകലേണ്ടവനും കിടന്നുറങ്ങുകയാണ്'' (തിർമിദി 2601, വിവിധ നിവേദക പരമ്പരകളിലൂടെ ഉദ്ധരിക്കപ്പെട്ട ഈ ഹദീസ് സ്വഹീഹ് ആണെന്ന് അൽബാനി).**

വിശ്വാസിയെ സ്തബ്ധനാക്കുന്ന വചനം. പെട്ടെന്നുണർന്ന് ഉറച്ച തീരുമാനവുമായി ഊർജസ്വലനായി കർമരംഗത്തേക്ക് ഇറക്കിവിടുന്ന വചനം!

മരണാനന്തര ജീവിതമാണ് ശാശ്വത ജീവിതമെന്ന് വിശ്വസിക്കാത്ത വിശ്വാസിയുണ്ടാവുകയില്ല. ഭൗതിക ജീവിതം നശ്വരവും ക്ഷണികവുമാണെന്നും വിശ്വസിക്കാത്ത വിശ്വാസിയുമുണ്ടാകില്ല.

ഭൗതികലോകം കർമലോകമാണെന്നും പരലോകമാണ് കർമഫലം അനുഭവിക്കുന്ന ലോകമെന്നും ഓരോ വിശ്വാസിക്കും വ്യക്തമായറിയാം. അനശ്വരവും അനന്തവുമായ പരലോക ജീവിതം ധന്യമാക്കാനാവശ്യമായതെല്ലാം ക്ഷണികമായ ഭൗതിക ജീവിതത്തിൽ നേടിയെടുക്കണം. അതിനാൽ ഭൗതിക ജീവിതത്തിലെ ഓരോ നിമിഷവും വിശ്വാസിക്ക് വിലപ്പെട്ടതാണ്. പാരത്രിക ജീവിതം ആനന്ദപൂർണമാക്കാനുതകുന്ന കഠിനാധ്വാനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കെയായിരിക്കും വിശ്വാസി ഈ ലോകത്തോട് വിടപറയുക. 'സത്യവിശ്വാസി നെറ്റിയിലെ വിയർപ്പോടെയാണ് മരണപ്പെടുക' എന്ന് നബി(സ) പറഞ്ഞിട്ടുണ്ട്.

അധ്വാനത്തിന്റെ പ്രതിഫലമാണ് സ്വർഗമെന്ന് ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കുന്നു: ''പാരത്രികമോക്ഷം ലക്ഷ്യം വെക്കുകയും വിശ്വാസിയായിക്കൊണ്ട് അതിനാവശ്യമായ പ്രയത്നങ്ങൾ നടത്തുകയും ചെയ്തവരുടെ പ്രയത്നം അഭിനന്ദനാർഹമാണ്'' (17:19).

സുഖാനന്ദങ്ങളൊത്തിണങ്ങിയ, ശാന്തിയും സമാധാനവും കാരുണ്യവും സമൃദ്ധിയും നിറഞ്ഞൊഴുകുന്ന സ്വർഗത്തെക്കുറിച്ചുള്ള ചിത്രീകരണങ്ങൾ ഖുർആനിലുടനീളം നമുക്ക് കാണാം. എല്ലാം കൂടി ഖുർആനിന്റെ ഒറ്റ വചനത്തിലൊതുക്കാം: ''നിങ്ങളുടെ മനസ്സുകളാഗ്രഹിക്കുന്നതെല്ലാം അവിടെയുണ്ടാകും. നിങ്ങൾ തേടുന്നതെല്ലാം സ്വർഗത്തിൽ ലഭ്യമാണ്'' (*ഫുസ്സിലത്ത്*: 31). 'ഒരു കണ്ണും കണ്ടിട്ടില്ലാത്ത, ഒരു ചെവിയും കേട്ടിട്ടില്ലാത്ത, ഒരു മനസ്സും ആഗ്രഹിച്ചിട്ടില്ലാത്ത സുഖാനുഭൂതികളാണ് സ്വർഗത്തിലുണ്ടാവുക' എന്ന് ഒരു നബിവചനത്തിലുണ്ട്. 'സ്വർഗത്തേക്കാൾ ഉത്കൃഷ്ടമായ മറ്റൊന്നും ഞാൻ കണ്ടിട്ടില്ല' എന്ന പ്രവാചക വചനത്തിലേക്കുള്ള ഒരെത്തിനോട്ടം മാത്രമാണിത്. ഈ സ്വർഗത്തിന് വേണ്ടിയുള്ള പ്രയത്നം നടത്താതെ അലസരാകാൻ വിശ്വാസിക്കാകുമോ?

പ്രവാചക വചനത്തിലെ 'നരകാഗ്നിയേക്കാൾ ഭയാനകമായ മറ്റൊന്നും ഞാൻ കണ്ടിട്ടില്ല' എന്ന ഭാഗത്തിലേക്കും ഒരെത്തിനോട്ടം വേണമല്ലോ. കരുണാമയനായ നാഥന്റെ ഗുണകാംക്ഷാനിർഭരമായ മുന്നറിയിപ്പിതാ; ''ആളിക്കത്തുന്ന നരകത്തെ സംബന്ധിച്ച് ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പു നൽകുകയാണ്'' (*അല്ലൈൽ*: 14).

അതിഭയാനകമായ, എല്ലാ ശിക്ഷാമുറകൾക്കും വേണ്ടത്ര സംവിധാനങ്ങളുള്ള അനന്ത വിസ്തൃതവും എന്നാൽ അതികുടുസ്സായതുമായ, അസഹ്യമായ ചൂടും കരിമ്പുകയുമുള്ള, രക്ഷപ്പെടാൻ ഒരു പഴുതുമില്ലാത്തവിധം അടച്ചുപൂട്ടപ്പെട്ട നരകത്തെക്കുറിച്ച് ഖുർആൻ പലയിടങ്ങളിലും ശക്തമായ മുന്നറിയിപ്പു നൽകുന്നുണ്ട്.

ഈ നബിവചനത്തെ സ്വന്തത്തോട് ചേർത്ത് വെച്ച് ആത്മപരിശോധനാഭാവത്തോടെ ആവർത്തിച്ചു വായിച്ചാൽ വിശ്വാസികളുടെ കണ്ണുകൾ നനയാതിരിക്കില്ല. ആ കണ്ണുനീർ ഉൾക്കിടിലമുണ്ടാക്കാതിരിക്കില്ല. ''ആ ഉൾക്കിടിലം അവർക്ക് രോമാഞ്ചമുണ്ടാക്കിതിരിക്കില്ല. അനന്തരം അവരുടെ ശരീരങ്ങളും മനസ്സുകളും തരളിതമായി ദൈവസ്മരണയിലേക്കുന്മുഖമാകുന്നു. ഇതത്രെ അല്ലാഹുവിന്റെ സരണി'' (*അസ്സുമർ* 23).

'കറുത്തിരുണ്ട ആ ദിനരാത്രങ്ങൾ വന്നണയുന്നതിന് മുമ്പ് അതിവേഗം കർമനിരതരാകൂ' എന്ന നബിവചനവും ഇതിനോട് ചേർത്തു വായിക്കാം. ●